(ഇ) & (എഫ്) ഇതിനാൽ തിരുവനന്തപുരം നഗരത്തിൽ കൊള്ളയും മോഷണവും നടക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി സ്കാഡിന്റെ പ്രവർത്തനം സിറ്റി സ്പെഷ്യൽ ബ്രാഞ്ചിന്റെ നിരീക്ഷണത്തിലാണ്.

'ഉന്നത പോലീസ് ഉദ്യോഗസ്ഥരും ക്രമസമാധാനപാലനവും'

23 [2453] *പ്രൊഫ. സാവിത്രി ലക്ഷ്മണൻ:*

ശ്രീമതി മേഴ്സി രവി:

ശ്രീ. വർക്കല കഹാർ:

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഐ.പി.എസ്. ഉദ്യോഗസ്ഥരും ഐ.പി.എസ്. ഇല്ലാത്ത എസ്.പി.മാരും അതിനു മുകളിലെ റാങ്കിലുള്ളവരുമുണ്ട്;

(ബി) ഇത്രയും ഉദ്യോഗസ്ഥരും ഐ.പി.എസ്. ഉള്ള ഉദ്യോഗസ്ഥരുമുണ്ടായിരുന്നിട്ടും സംസ്ഥാനത്തെ ക്രമസമാധാനനില മെച്ചപ്പെടാതിരിക്കുവാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തുള്ള എത്ര ആളുകൾക്കുവീതം ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥനോ ഐ.പി.എസ്. ഇല്ലാത്ത എസ്.പി. റാങ്കിലും അതിനുമുകളിൽ റാങ്കിലുമുള്ള ഉദ്യോഗസ്ഥരോ ഉണ്ട്;

(ഡി) ക്രമസമാധാനപാലനത്തിൽ ഈ ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കുവാൻ എന്തെല്ലാം നിർദ്ദേശം കൊടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ.പി.എസ്. കേഡറിൽ നിലവിൽ 111 ഐ.പി.എസ്. ഉദ്യോഗസ്ഥർ ഉണ്ട്. കൂടാതെ എസ്.പി. (നോൺ ഐ.പി.എസ്.) വിഭാഗത്തിൽ 30 ഉദ്യോഗസ്ഥർ ഉണ്ട്.

(ബി) സംസ്ഥാനത്തെ ക്രമസമാധാനനില താരതമ്യേന മെച്ചപ്പെട്ടതും തൃപ്തികരവുമാണ്.

(സി) ജനസംഖ്യാനുപാതികമായിട്ടല്ല സംസ്ഥാനത്ത് ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ എണ്ണം നിശ്ചയിക്കുന്നത്. മറിച്ച് കേന്ദ്ര സർക്കാരും ബന്ധപ്പെട്ട സംസ്ഥാന സർക്കാരും തമ്മിൽ കൂടിയാലോചിച്ചിട്ടാണ് കാലാകാലങ്ങളിൽ ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ എണ്ണം നിശ്ചയിക്കുന്നത്. ഓരോ സംസ്ഥാനത്തെയും ജോലിയുടെ ആവശ്യകത കണക്കിലെടുത്താണ് കേഡറിന്റെ എണ്ണം നിശ്ചയിക്കുന്നത്.

(ഡി) ക്രമസമാധാനപാലനത്തിനായി നിയോഗിക്കപ്പെടുന്ന പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ പോലീസ് ആസ്ഥാനത്തുനിന്നും സർക്കുലർ മുഖേനയും അല്ലാതെയും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly